പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 134 14.06.2013 - ൽ മറുപടിയ്ക്ക്

**വയോജന നയം**

ചോദ്യം ഉത്തരം

ശ്രീ. ഇ.കെ. വിജയൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. കെ. രാജു
ശ്രീ. വി. ശശി

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജന നയം പ്രഖ്യാപിച്ചത് എന്നാണ്; ഈ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | നിലവിലുണ്ടായിരുന്ന വയോജന നയം കാലോചിതമായി പരിഷ്കരിച്ച് "മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013" എന്ന പേരിൽ 06.05.2013 ലെ സ.ഉ. (എം.എസ്.)37/13/സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതികളും പരിപാടി കളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | വയോജന നയം നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വകുപ്പ് എന്ന് രൂപീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | വയോജന നയം നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യത്തിനായി പ്രത്യേക സെല്ലുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |
| (സി) | മറ്റൊരു പെൻഷനും ലഭിക്കാത്ത വയോജനങ്ങൾക്ക് പെൻഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ? | (സി) | അർഹരായ എല്ലാ മുതിർന്ന പൗരന്മാർക്കുമായി ഒരു സമഗ്രമായ പെൻഷൻ പദ്ധതി, പരിഷ്കരിച്ച നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. ഇക്കാര്യം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ